# Desabhimani

## 20 July 2018

## Palluruthy, Flood, Relief Camps, Visited by MLA & CPI (M) Leaders

# ദുരിതാശ്വാസ ക്യാമ്പുകൾ എംഎൽഎയും സിപിഐ എം നേതാക്കളും സന്ദർശിച്ചു

**പള്ളുരുത്തി**

ചെല്ലാനത്തെ ദുരിതാശ്വാസ ക്യാമ്പുകൾ കെ ജെ മാക്സി എംഎൽഎയുടെ നേതൃത്വത്തിൽ സന്ദർശിച്ചു. ചെല്ലാനം സെന്റ് മേരീസ് സ്കൂളും ലിയോ സ്കൂളുമാണ് സന്ദർശിച്ചത്. ക്യാമ്പിൽ കഴിയുന്നവർക്ക് സർക്കാർ പ്രത്യേക പാക്കേജുകൾ പ്രഖ്യാപിച്ചതായി എംഎൽഎ പറഞ്ഞു. സർക്കാരിന്റെ എല്ലാ സഹായങ്ങളും ചെല്ലാനത്തേക്ക് എത്തിക്കുന്നതിനായി ഇടപെടും.

സർക്കാർ ഭരണാനുമതി നൽകിയ പദ്ധതികൾ ചെല്ലാനത്ത് ഉടൻ ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. സിപിഐ എം ഏരിയ സെക്രട്ടറി പി എ പീറ്റർ, ഏരിയ കമ്മിറ്റി അംഗങ്ങളായ വി ബി രഘു, പി ബി ദാളോ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ ഡി പ്രസാദ്, ഷൈജു, സീമ ബിനോയ് തുടങ്ങിയവരും ആരോഗ്യ - റവന്യൂ ഉദ്യോഗസ്ഥരും ഉണ്ടായിരുന്നു.



ചെല്ലാനത്തെ ദുരിതാശ്വാസക്യാമ്പ് കെ ജെ മാക്സി എംഎൽഎ സന്ദർശിക്കുന്നു



സി എം ദിനേശ്മണി വെണ്ണല സ്കൂളിലെ ദുരിതാശ്വാസക്യാമ്പ് സന്ദർശിക്കുന്നു

**വൈറ്റില**

വെണ്ണല സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പ് സിപിഐ എം നേതാക്കൾ സന്ദർശിച്ചു. സംസ്ഥാന കമ്മിറ്റി അംഗം സി എം ദിനേശ്മണി, വൈറ്റില ഏരിയ സെക്രട്ടറി കെ ഡി വിൻസന്റ്, വെണ്ണല സഹകരണ ബാങ്ക് പ്രസിഡന്റ് എ എൻ സന്തോഷ്, കെ ബി ഹർഷൽ, കെ ടി സാജൻ എന്നിവർ സന്ദർശിച്ചു. നിലിവൽ എട്ട് കുടുംബങ്ങളാണ് ക്യാമ്പിലുള്ളത്. ഉലകംപാറ, പതപ്പിള്ളി ലെയ്ൻ, ചളിക്ക വട്ടത്തെ നെടുമ്പിള്ളിച്ചാൽ, ചുങ്കം പ്രദേശങ്ങളിലെ വീടുകളിപ്പോഴും വെള്ളക്കെട്ടിലാണ്.